(ബി) കുട്ടനാടൻ പാടശേഖരങ്ങളിൽ 3500 ഹെക്ടർ പ്രദേശത്ത് നെൽകൃഷിക്ക് ശേഷമുള്ള ഇടവേളയിൽ കൊഞ്ച്/മത്സ്യകൃഷി നടത്തുന്നതിനുള്ള ഒരു പദ്ധതിക്ക് സർക്കാർ ഇതിനകം രൂപം നൽകിയിട്ടുണ്ട്. 2002-2003 മുതൽ 2006-2007 വരെയുള്ള അഞ്ചുവർഷം കൊണ്ട് ആലപ്പുഴ കോട്ടയം ജില്ലകളിൽ അഡാക്കിന്റെ മേൽനോട്ടത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പൂർത്തിയാക്കുന്നതോടെ 2526 ടൺ ആറ്റുകൊഞ്ചും 1400 ടൺ മത്സ്യവും ഉൽപ്പാദിപ്പിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇതുകൂടാതെ എറണാകുളം ജില്ലയിലെ 2500 ഹെക്ടർ പൊക്കാളി പാടശേഖരങ്ങളിൽ നെൽകൃഷി സംരക്ഷിച്ചുകൊണ്ട് ചെമ്മീൻകൃഷി നടത്തുന്നതിനുള്ള ഒരു പദ്ധതിയും അഡാക്ക് നടപ്പിലാക്കി വരുന്നുണ്ട്.

(സി) "ഒരു നെല്ലും ഒരു മീനും" പദ്ധതിക്ക് 72.21 കോടി രൂപയാണ് മൊത്തം അടങ്കൽ പ്രതീക്ഷിക്കുന്നത്. ഇതിൽ 18.34 കോടി രൂപയാണ് സർക്കാർ വിഹിതമായി നൽകാൻ ഉദ്ദേശിക്കുന്നത്. പൊക്കാളി പാടശേഖരങ്ങളിലെ ചെമ്മീൻ കൃഷി വികസന പദ്ധതിയുടെ മൊത്തം അടങ്കൽ തുകയായി 53.71 കോടി രൂപ വരുമെന്നു കണക്കാക്കിയിരിക്കുന്നു. ഇതിൽ 10.26 കോടി രൂപ സർക്കാർ വിഹിതമായി നൽകാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) കട്ല, ഗ്രാസ്കാർപ്പ്, സിൽവർകാർപ്പ് തുടങ്ങിയ മത്സ്യങ്ങളും ആറ്റുകൊഞ്ചുമാണ് കൃഷിക്ക് ഉപയോഗിക്കുന്നത്.

(ഇ) "ഒരു നെല്ലും ഒരു മീനും" പദ്ധതിയിൽ പറയുന്ന എല്ലാ കാര്യങ്ങളും ചെയ്താൽ ഒരു കർഷകഗ്രൂപ്പിന് ഹെക്ടറൊന്നിന് 50,500 രൂപ വരെ ധനസഹായം ലഭിക്കും. പാടശേഖര സമിതികൾക്കോ, ഗ്രൂപ്പുകൾക്കോ ഉള്ള സഹായം പരമാവധി 15 ഹെക്ടർ പ്രദേശത്തിനും വ്യക്തികൾക്ക് ഇത് പരമാവധി 2.5 ഹെക്ടർ പ്രദേശത്തിനുമായി പരിമിതപ്പെടുത്തിയിരിക്കുന്നു. 10 ദശലക്ഷം പി. എൽ. 20 ശേഷിയുള്ള ആറ്റുകൊഞ്ച് ഹാച്ചറി സ്ഥാപിക്കുന്നതിന് തൽപരരായ സംരംഭകർക്ക് 1.5 ലക്ഷം രൂപ എം. പി. ഇ. ഡി. എ.യിൽ നിന്നും സബ്സിഡിയായി ലഭ്യമാക്കുന്നതാണ്. കർഷകരുടെ സ്വന്തം കുളങ്ങളിൽ അഡാക്കിന്റെ മേൽനോട്ടത്തിൽ പ്രദർശന ഫാമുകൾ സ്ഥാപിക്കുന്നതിന് ഹെക്ടറിന് പരമാവധി ഒരു ലക്ഷം രൂപ സഹായധനം അനുവദിക്കുന്നതാണ്.

ലോഡ്ഷെഡ്ഡിംഗിന്റെ സമയം ദീർഘിപ്പിക്കാനുള്ള തീരുമാനം

13 (*340) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള വെള്ളം ഉണ്ടെന്നാണ് വൈദ്യുതി ബോർഡ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കാലവർഷത്തിന്റെ തുടക്കത്തിൽ തീരെ മഴ കിട്ടാതിരുന്നതിന്റെ ഫല മായി വൈദ്യുതി ഉൽപ്പാദനത്തിൽ വരുന്ന കുറവ് എത്രയാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; ഈ കുറവ് നികത്തുന്നതിന് ബോർഡ് സ്വീകരിച്ചിട്ടുള്ള അടിയന്തിര നടപടികൾ വിശദമാക്കാമോ ;

(സി) ഇന്ന് തുടർന്നുവരുന്ന ലോഡ്ഷെഡ്ഡിംഗിന്റെ സമയം ദീർഘിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനായി സ്വീകരിച്ചി ട്ടുള്ള മാനദണ്ഡമെന്താണെന്ന് വിശദമാക്കുമോ ;

(ഡി) സംസ്ഥാനത്ത് പവർകട്ട് ഏർപ്പെടുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ;

(ഇ) സംസ്ഥാനത്തെ വൈദ്യുതി ക്ഷാമം പരിഗണിച്ച് കേന്ദ്രത്തിൽ നിന്ന് കൂടുതൽ വൈദ്യുതി ലഭിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(എഫ്) സംസ്ഥാന ഗവൺമെന്റ് കേന്ദ്രവുമായി ഒപ്പുവച്ച ധാരണാപത്രം അനുസരിച്ച് (2001 ആഗസ്റ്റ് 20) പ്രതിസന്ധിഘട്ടത്തിൽ സംസ്ഥാനങ്ങളെ സഹായിക്കാൻ കേന്ദ്രത്തിന് ബാദ്ധ്യത ഉണ്ടോ എന്ന് വെളിപ്പെടുത്തുമോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) :

(എ) 26-6-2003-ലെ കണക്കുപ്രകാരം 381.14 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള വെള്ളം ഉണ്ടെന്നാണ് വൈദ്യുതി ബോർഡ് കണ ക്കാക്കിയിട്ടുള്ളത്.

(ബി) ഉണ്ട്. പവർ ട്രേഡിംഗ് കോർപ്പറേഷനിൽ നിന്ന് 100 എം. ഡബ്ല്യൂ. അധിക വൈദ്യുതി ഇപ്പോൾ വാങ്ങുന്നുണ്ട്. കേന്ദ്രപൂളിൽ നിന്ന് 200 എം. ഡബ്ല്യൂ. കൂടുതൽ വൈദ്യുതി ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബോർഡിന്റെ താപനിലയങ്ങളായ കെ.ഡി.പി.പി., ബി.ഡി.പി.പി., സ്വതന്ത്ര താപ നിലയങ്ങളായ ഡി.എസ്.ഇ.എസ്., കെ.പി.സി.എൽ.,എൽ.റ്റി.പി.സി., കായംകുളം താപനിലയം എന്നിവയിലെ ഉൽപ്പാദനം ആവശ്യാനുസരണം, ക്രമീകരിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ഇല്ല.

(ഇ) ആവശ്യപ്പെട്ടിട്ടുണ്ട്.

(എഫ്) പ്രതിസന്ധിഘട്ടങ്ങളെക്കുറിച്ച് പ്രത്യേകമായി പ്രതിപാദിക്കുന്നില്ല. എങ്കിലും ധാരണാപത്രപ്രകാരം, കേന്ദ്ര വൈദ്യുതോൽപ്പാദന നിലയങ്ങളിൽ നിന്ന് കൂടുതൽ വൈദ്യുതി കേരളത്തിന് അനുവദിക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly